# ആരാണ് ഹിന്ദു?

### (വ്യത്യസ്തമായൊരു വീക്ഷണം)

വിജയകുമാർ കളരിക്കൽ

'ഇന്ത്യ' യെന്ന് പാശ്ചാത്യർ വിളിച്ച ഭാരതത്തിന് ഹിന്ദുസ്ഥാൻ എന്നും നാമമുണ്ട്. ഹിന്ദുസ്ഥാൻ എന്നാൽ ഹിന്ദുക്കളുടെ സ്ഥാനം,അധിവാസഗേഹം.
ഹിന്ദുവെന്നാൽ സിന്ധു, സിന്ധു നദിക്കരയിൽ താമസിച്ചിരുന്നവരെ സിന്ധുക്കൾ എന്ന് വിളിച്ചുതുടങ്ങുകയും, സിന്ധു പിന്നീട് ഹിന്ദുവാകുകയും ചെയ്തു.ഭാരത ഉപഭൂഖണ്ഡമാകെ 'ഇന്ത്യ'യെന്ന നാമത്തിൽ ഏകോപിയ്ക്കപ്പെട്ടപ്പോൾ ഹിന്ദുക്കൾ ഇന്ത്യയിലെല്ലായിടത്തും വസിക്കുന്നവരായി. അതിൽ സിന്ധുവിന്റെ താഴ്‌വാരത്തിൽ പാർത്തിരുന്നവരും, മലമുകളിലും, മലഞ്ചെരുവുകളിലും, സമതലങ്ങളിലും അധിവസിച്ചിരുന്നവരും, ആര്യന്മാരും, അനാര്യന്മാരും, ദ്രാവിഢരും, ആദിവാസികളും, വിദേശികളും, ശൈശവരും, വൈഷ്ണവരും, ബൗദ്ധരും, ജൈനരും, ക്രൈസ്തവരും, മുഹമ്മദീയരും, നാസ്തികരും, യുക്തിവാദികളും, ആത്മീയവാദികളും, ഭൗതീകവാദികളും തുടങ്ങിയ എല്ലാ ജാതിമതസ്ഥരും ഉൾപ്പെടുന്നു.

ഞാനിവിടെ ' Indian ' എന്നെ വാക്കിന് 'ഹിന്ദുക്കൾ ' എന്ന അർത്ഥം കൊടുക്കുകയാണ്.അതു ശരിയല്ലെന്ന് ശഠിക്കുകയും ചില ജാതിമതഭേദങ്ങൾ പെടുകയില്ലെന്ന് വാദിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു ചോദ്യമുണ്ട്. ഭാരതത്തിന്റെ എല്ലാ പ്രദേശങ്ങളിലും സിന്ധുവിന്റെ മാത്രം സംസ്ക്കാരം ഏതെങ്കിലും കാലഘട്ടത്ത് നിലവിലുണ്ടായിരുന്നോ ? സിന്ധു വർഗ്ഗക്കാരല്ലാത്ത എത്രയോ ഗോത്രക്കാർ, വംശക്കാർ, അവരിൽ നീഗ്രോവംശജർവരെ ഉണ്ടായിരുന്നു. അവരെയെല്ലാം എങ്ങിനെ സിന്ധു സംസ്കാരികൾ എന്നു വിളിക്കാനാവും, ഹിന്ദുക്കളെന്നു വിളിക്കാനാവും?

'ഹിന്ദുക്കൾ ' എന്ന് ഇന്ത്യാക്കാരെ ആകവെ വിളിയ്ക്കപ്പെടാൻ താല്പര്യപ്പെടാത്ത ചില ന്യൂനപക്ഷവിഭാഗങ്ങളും ഉണ്ട്. ഹിന്ദുക്കളെന്നാൽ ഹിന്ദുമതവിശ്വാസികളെന്ന് അവർ പറയും.

**എങ്കിൽ എന്താണ് ഹിന്ദുമതം ?**

ലോകത്തുള്ള മറ്റെല്ലാമതങ്ങളെയും പോലെ ഇത് ആരുടെ അഭിപ്രായമാണ് ? ആരിൽനിന്നാണ് ഉത്ഭവം? ബുദ്ധനെപ്പോലെ, ക്രിസ്തുവിനെപ്പോലെ, മുഹമ്മദിനെപ്പോലെ, ഇതിന്റെ പ്രവാചകനാരാണ് ?

ഈ ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ വിശ്വാസികൾ നൽകുന്ന മറുപടിയിതാണ് - യഹൂദമതം, ഇസ്ലാമതം പോലെ ഒരു പ്രവാചകൻ, ഒരു പുണ്യഗ്രന്ഥം,ഒരു ഉപാസനപദ്ധതി എന്നിവയൊന്നും ഇതിനില്ല. ഇത് സമ്മിശ്രമായ ഒരു സംസ്ക്കാരമാണ്, ബൗദ്ധം, ജൈനം, സിഖ്, ശൈവം, വൈഷ്ണവം, ശാക്തേയം, ഗാണപത്യം എല്ലാ ഇതിലടങ്ങിയിട്ടുള്ള ഓരോ സംസ്ക്കാരമാണ്. വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, എന്നിവ ചേർന്നാൽ ഹിന്ദുമതത്തിന്റെ പ്രമാണഗ്രന്ഥങ്ങൾ എല്ലാമായി എന്ന്.

പക്ഷെ, ഇത്രയും മാത്രമാണോ ഇന്ത്യൻ സംസ്ക്കാരമായിട്ടുള്ളൂ, പുരാതന സംസ്ക്കാരമായിട്ടു ലഭിച്ചിട്ടുള്ളൂ ? അല്ല, എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്.
അതിന്റെ വിശദാംശങ്ങൾ തെരയേണ്ടേത് സിന്ധുതതടങ്ങളിൽ നിന്നുതന്നെയാണ്; ഹാരപ്പയെന്നും, മോഹഞ്ജദാരോ എന്നുമെല്ലാം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള ആദി സംസ്ക്കാരത്തിൽ നിന്നുതന്നെ.

**സിന്ധുവിന്റെ സംസ്ക്കാരം**

സിന്ധുവിന്റെ തടത്തിൽ ഖനനം ചെയ്തു കിട്ടിയ അവശിഷ്ടങ്ങൾ തെളിയിക്കുന്നത് അവിടെ പണ്ട് വളരെയേറെ സംസ്ക്കാരമുണ്ടായിരുന്ന ഒരു ജനസമൂഹം വസിച്ചിരുന്നു എന്നതാണ്. അവർ, ഗൃഹവാസികളും, കൃഷികൾ ചെയ്തിരുന്നവരും, കൃഷിയ്ക്കായിട്ട് ജലസേചനം ചെയ്തിരുന്നവരും,അഴുക്ക്‌വെള്ളം ഒഴുക്കികളയാനായിട്ട് ഓടകൾ തീർത്തിരുന്നവരും ആയിരുന്നു എന്നുവേണം കരുതാൻ. പക്ഷെ, ഈ കാലയളവിൽ ഭാരതത്തിന്റെമറ്റ് ഇടങ്ങളിൽ കഴിഞ്ഞിരുന്നവർ അത്രയും സംസ്ക്കാരസമ്പന്നത കൈവരിച്ചിരുന്നില്ലെന്നും വ്യക്തമാണ്. അവരിൽ ഏറിയവിഭാഗവും വനാന്തരങ്ങളിൽ കായ്കനികൾ പെറുക്കിതിന്നിരുന്നവരും, മൃഗങ്ങളെ വേട്ടയാടി, വേവിച്ചും, വേവിയ്ക്കാതെയും കഴിച്ചിരുന്നവരും, ഗുഹകളിലും, പാറമടക്കുകളിലും പാർത്തിരുന്നവരുമായിരുന്നു. എങ്കിലും, വിന്ധ്യന് തെക്ക് സിന്ധുക്കളുടെ അത്രതന്നെ പുരോഗമിച്ചിരുന്ന പല ജനപദങ്ങളും ഉണ്ടായിരുന്നെന്നു ചരിത്രം പറയുന്നു.

ആ സിന്ധുവിന്റെ തടത്തിലാണ് ആദി സാഹിത്യ സംഹിതകളായ വേദങ്ങൾ ഉടലെടുത്തത്. പക്ഷെ, വേദകൃതികൾ ഉണ്ടായത് അവിടെ ഉണ്ടായിരുന്ന ജനവിഭാഗത്തിന്റെ ഇടയിലായിരുന്നോ, എവിടെ നിന്നോ എത്തിയ ആര്യവർഗ്ഗത്തിന്റെ ഇടയിലായിരുന്നോ എന്നത് തർക്ക വിഷയമാണ്.

ചില ചരിത്രകാരന്മാരുടെ കണ്ടെത്തൽ ആദിയിൽ അവിടെ പാർത്തിരുന്ന കറുത്തവർഗ്ഗക്കാരുടെ ഇടയിലേക്ക് ഇരതേടി നാടോടികളായി നടന്നിരുന്ന ഒരു വെളുത്തവർഗ്ഗം വന്നിട്ടുണ്ട് എന്നാണ്. അവർ രണ്ടു കൂട്ടരുടെയും സംസ്ക്കാരങ്ങൾ വളരെ വ്യത്യസ്തമായിരുന്നു.

പുറമെനിന്നു വന്നവർ, തങ്ങൾ ശ്രേഷ്ടരെന്നും ദൈവത്തോട് വളരെഅടുത്തുനില്ക്കുന്നവരാണെന്നും, അതിനാൽ'ആര്യ' വർഗ്ഗമാണെന്നും, നിങ്ങൾ, ഞങ്ങളെക്കാൾ താഴെക്കിടയിൽ വർത്തിക്കുന്നവരാണെന്നും, അനാര്യവർഗ്ഗമാണെന്നും ധരിപ്പിച്ചു. ആര്യവർഗ്ഗത്തിന്റെ ആരാധനാ ക്രമങ്ങളും ഉപാസനാരീതികളുമാണ് വേദങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്. അവരുടെ ആഹാരരീതികളും, ജീവിന രീതികളും, ഭാഷയെ സംസ്ക്കരിക്കപ്പെട്ട് ശ്രേഷ്ടമായതെന്ന അർത്ഥം വരുന്ന സംസ്കൃതമെന്നും, മറ്റുള്ളവരുടെ ഭാഷയെ ദ്രാവിഡമെന്നും വിളിച്ചു. വേദങ്ങൽ വിരചിതമായതിന് ആര്യഭാഷയായ സംസ്കൃതത്തിലായിരുന്നു.

പക്ഷെ, ഈ പാഠങ്ങളെ ആധുനീക ചരിത്രകാരന്മാർ തിരുത്തിയെഴുതി. 'ആര്യൻ ' എന്നൊരു വർഗ്ഗം പുറമേനിന്നും വന്നിട്ടില്ലെന്നും, ആദിയിൽ സിന്ധുവിന്റെ തടത്തിൽ കഴിഞ്ഞിരുന്ന ജനവിഭാഗത്തിൽ അറിവിൽ ശ്രേഷ്ടരായിരുന്ന വിഭാഗമാണ് ആര്യന്മാരായി ഭവിച്ചതെന്നും പറയുന്നു.

**വേദങ്ങൾ**

'വിദ് 'എന്ന ധാതുവിന് സംസ്കൃതത്തിൽ ജ്ഞാനം എന്നർത്ഥം.

'വിദ് ' - നെ സംബന്ധിച്ചതാണ് വേദം. അപ്പോൾ വേദമെന്നാൽ ജ്ഞാനം എന്നർത്ഥം.

വേദങ്ങൾ നാലെണ്ണമുണ്ട്. ഋഗ്വേദം, യജ്ജൂർവേദം, സാമവേദം, അഥർവ്വവേദം. ഓരോ വേദത്തിനും സംഹിതകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിങ്ങനെ നാലു വിഭാഗങ്ങളുണ്ട്. ഇവയെല്ലാം ഒരുതരത്തിൽ പറഞ്ഞാൽ വേദങ്ങളുടെ വ്യാഖ്യാനങ്ങൾ തന്നെ അവയിലെല്ലാം സർവ്വരെയും അനുഗ്രഹിക്കുകയും, പരമമായ സത്യത്തെ തന്നിൽസാധിപ്പിച്ചെടുക്കുന്നതിനുള്ള നിരവധി മന്ത്രസൂത്രങ്ങളും അർച്ചനാഗാനങ്ങളും അടങ്ങിയിരിക്കുന്നതതുമാണ്.

അന്നുതന്നെ മനുഷ്യൻ തന്നേക്കാൾ ശക്തമായൊരു പ്രതിഭാസം ലോകത്ത് നിലനില്ക്കുന്നുണ്ടെന്ന് കണ്ടറിയുകയും, ആ പ്രതിഭാസത്തിന്റെ പരിധിയിലോ, അധികാരത്തിൽ കീഴിലോ ആണ് മനുഷ്യനടക്കമുള്ള എല്ലാ ചരാചരങ്ങളുടേയും നിലനിൽപ്പെന്ന് കണ്ടത്തുകയും ചെയ്തിരുന്നുവെന്ന് വ്യക്തം. ആ പ്രതിഭാസത്തെ സന്തോഷിപ്പിക്കുന്നതിനും ഐശ്വര്യം സ്വായത്താമാക്കുന്നതിനുമായിട്ടുള്ള മന്ത്രങ്ങളും അതിന്റെ വിധികളും കർമ്മങ്ങളുമാണ് വേദങ്ങളെന്ന് സാമാന്യമായി മനസ്സിലാക്കാം.

സമൂഹത്തിലെല്ലാവരും ദേവപൂജയും മന്ത്രണവും മറ്റുമായിരുന്നാൽ ആഹാരാദികാര്യങ്ങൾ നടക്കില്ലെന്നുണ്ടായിരുന്നതിനാലും, മന്ത്രങ്ങൾ കാണാപ്പാഠമാക്കി ഉച്ചരിച്ച് വിധികൾ അനുഷ്ടിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നതിനാലും വളരെക്കുറഞ്ഞ ഒരു വിഭാഗത്തിനെ അപ്രകാരമുള്ളജോലികളേല്പിച്ചു എന്ന് അനുമാനിക്കാം. അപ്പോൾ എല്ലാവരുടെയും ദേവത്തിങ്കലേക്കുള്ള കാര്യങ്ങൾ ചിലരെ ഏല്പ്പിച്ചാൽ, ആ ചിലർക്ക് ആഹാരംതുടങ്ങിയ കാര്യങ്ങൾ ചെയ്തുകൊടുക്കാൻ മറ്റുള്ളവർ ബാദ്ധ്യതട്ടിരുന്നിരിക്കും. അപ്രകാരം ചെയ്തു വരികയും ചെയ്തു. ഈ നടപടികൾതുടർന്നപ്പോൾ അറിവ് നേടിയവരും, ദേവനോട് ഏറ്റവും അടുത്തിരിക്കുന്നവരുമായ വർഗ്ഗത്തിന് 'ഒരാചാര്യ' പദവി വന്നു ചേർന്നു. അതിന്റേതായ ഗർവ്വം.

തലമുറകൾ പിന്നിട്ടുകൊണ്ടിരുന്നു. അലഞ്ഞുനടക്കുന്നതിനേക്കാൾ സുഖകൂടുതലുണ്ട് സ്ഥിരവാസത്തിനെന്നവർ അനുഭവിച്ചറിഞ്ഞു. നാട്ടറിവുകളും അന്വേഷണങ്ങൾ കൊണ്ടും ആചാര്യന്മാർ മറ്റുപലതും കണ്ടെത്തി; വന്യമൃഗങ്ങളുടെ ഇരയാകാതെ, പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്ത് കായ്കനികൾ സംഭരിക്കുന്നതിനേക്കാൾ എത്രടോ എളുപ്പമാണ് നദിക്കരയിൽ കിഴങ്ങുവർഗ്ഗങ്ങൾ നട്ടു വളർത്തുന്നതെന്ന് അറിഞ്ഞു. കാലാവസ്ഥകളെ തിരിച്ചറിയാനും, സസ്യങ്ങൾ വളരുന്ന പരിതസ്ഥിതികളെ പരീക്ഷിച്ചറിയാനും തുനിഞ്ഞു. അപ്പോൾ അദ്ധ്വാനം കുറയുകയും വുളവുകൾ കൂടുതൽ കിട്ടുന്നതായും കണ്ടെത്തി. പല പ്രതിരോധങ്ങളെയും തിരിച്ചറിഞ്ഞു. അസുഖങ്ങൾക്കെതിരായി മരുന്നുകളെ കണ്ടെത്തി. വന്യമൃഗങ്ങൾക്കെതിരെ കൂട്ടമായി പാർക്കുന്നത് നന്നെന്നും കണ്ടെത്തി.

ഇതിൽ പലതും ആരാധനയുടേയും അർച്ചനയുടേയും പൂജയുടേയും കൂടിയുള്ള ഫലമാണെന്ന് ആചാര്യന്മാർ സമൂഹത്തെ ധരിപ്പിച്ചു. അത് ജനങ്ങൾക്ക് അർച്ചനയിലും പൂജയിലുമുള്ള വിശ്വാസത്തെ വളർത്തി. അവർ വിളവിറക്കാനും, എടുക്കാനും, രോഗശമനത്തിനും, മൃഗങ്ങളിൽനിന്നുള്ള രക്ഷയ്ക്കും പൂജകൾ ചെയ്യാൻ ആചാര്യന്മാരോട് ആവശ്യപ്പെട്ടു. ആചാര്യർ സമൂഹത്തിൽ കൂടുതൽ, കൂടുതൽ ആവശ്യമുള്ളവരായി ഭവിച്ചു. അതിന്റെ പരിണാമം, ആചാര്യന്മാർ ഒരധികാരശക്തി തങ്ങളിൽ അടിയുന്നത് അറിഞ്ഞുകൊണ്ടിരുന്നു. അവർ പുതിയ പുതിയ കവിതകളും, ആരാധനാക്രമങ്ങളും നിർമ്മിച്ചു തുടങ്ങി. കൂടാതെ, അർച്ചനകൾക്കും, പൂജകൾക്കും, പ്രതിഫലം വേണമെന്ന് ഇച്ഛിച്ചു തുടങ്ങി.

സാഹചര്യങ്ങൾ അനുകൂലമാവുകയും സമ്പത്തും ഐശ്വര്യവും അധികരിക്കുകയും ചെയ്തപ്പോൾ ജനത പെരുത്തു തുടങ്ങി. ക്രമാതീതമായി തന്നെ. ജനങ്ങൾ കൂടിയപ്പോൾ വിളവുകളും വർദ്ധിപ്പിക്കേണ്ടിവന്നു. അതോടെ ജോലികൾ

കർക്കശമാക്കേണ്ടി വന്നു. ഒരാൾ ചെയ്യേണ്ട തൊഴിലും എത്രമാത്രം ചെയ്യണമെന്നും തിരുമാനിച്ചു. കൂടാതെ, ഓരോന്നും നിയന്ത്രിയ്ക്കാനും ആളുകൾ വേണമെന്ന് വന്നു. കാരണം, ഇതേവരെ ഒരു പരിധി വരെ എല്ലാം നിയന്ത്രിച്ചിരുന്നത് ആചാരന്മാരായിരുന്നു. അദ്ധ്വാനങ്ങളോ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിന് അവർ വിമുഖരായിരുന്നു; എന്തും സ്വന്തം ആജ്ഞാനുസൃതമായിട്ട് കാൽക്കലെത്തുന്നതെങ്കിൽ അദ്ധ്വാനത്തിന്റെ ആവശ്യം ഉദിക്കുന്നുമില്ല. ഈ സാഹചര്യത്തിലാണ് വർണ്ണങ്ങൾ തിരിക്കേണ്ടി വന്നത്. ഓരോ വർണ്ണങ്ങളിൽ ഉള്ളവർക്കും ഓരോ കർമ്മങ്ങളും വിധിച്ചു. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നിങ്ങളെ നാലായിട്ട് - ഇതിൽ ബ്രാഹ്മണർക്ക് ദേവപൂജയും ചികിത്സ, ഗണനം, തുടങ്ങിയ ശാസ്ത്രകാര്യങ്ങളും; ക്ഷത്രിയർക്ക് കാര്യനിർവ്വഹണവും സമൂഹത്തെ ശത്രുക്കളിൽനിന്നും രക്ഷിക്കേണ്ടതും; വൈശ്യന് കൃഷി, ധാന്യശേഖരണം, ധാന്യവിതരണം,തുടങ്ങിയ കാര്യങ്ങളും; ശുദ്രന് ഇവയെല്ലാം സഹായിക്കുന്ന കർമ്മങ്ങളും വിധിയായി. ആദ്യം ഈ തെരെഞ്ഞെടുപ്പുകൾ സമൂഹത്തിൽ നിന്നും കഴിവുകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു. ധീഷണശാലിയും, വിദ്യാഉല്പത്തിഷ്ണുക്കളുമായവരെ ബ്രാഹ്മണനായിട്ടും, ശക്തനും കർമ്മകുശലതയുള്ളവരെ ക്ഷത്രിയനായിട്ടും, ഉത്സാഹിയും നയശാലിയുമായിട്ടുള്ളവരെ വൈശ്യനായിട്ടും, അല്ലാത്തവരെ ശുദ്രനായിട്ടും തെരഞ്ഞെടുത്തു.

പക്ഷെ, പിന്നീട് അധികാരികൾ കൂടുതൽ സ്വാർത്ഥരായി മാറിയപ്പോൾ വർണ്ണ സ്ഥാനങ്ങൽ പിന്മുറക്കാരിലേക്ക് തുടർച്ചയായി വന്നുചേർന്നു. ഏറ്റവും കൂടുതൽ അദ്ധ്വാനിക്കേണ്ടതും എണ്ണത്തിൽ കൂടിയവരും ശൂദ്രരായിതീർന്നു.

ജനത വർദ്ധിച്ചുകൊണ്ടേയിരുന്നു.; കൈവശമിരിക്കുന്ന ഭൂമിയിൽ നിന്നും കിട്ടുന്ന വിളവുകൾ കൊണ്ട് ആവശ്യത്തിന് തികയാതെ വന്നു. വിളവുകൾക്കായി അടുത്ത പ്രദേശങ്ങളിൽ കൈയ്യേറേണ്ടി വന്നു. ആ സ്ഥലങ്ങൾ ഒരു പക്ഷെ, മറ്റേതെങ്കിലും ജനപദത്തിന്റെ അധികാരസീമയിലുള്ളതാണെങ്കിൽ യുദ്ധം വേണ്ടി വന്നു. യുദ്ധങ്ങളുടെ വിജയത്തിന് ആയുധവും യാത്രാസൗകര്യങ്ങളും വേണ്ടി വന്നു. ആയുധങ്ങളെ നവീകരിയ്ക്കാനും മൃഗങ്ങളെ യാത്രയ്ക്കുപയോഗിയ്ക്കാനും തുടങ്ങി.

പുതിയ അധിവാസ സ്ഥലങ്ങൾ കൈയ്യടക്കുക വഴി സമ്പത്തും, ആചാര്യന്മാരായ ബ്രാഹ്മണരുടേയും യോദ്ധാക്കളായ ക്ഷത്രിയരുടേയും അധികാരവും ഗർവ്വും വർദ്ധിച്ചു വന്നു. പിടിച്ചെടുത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനും മറ്റും സഹായങ്ങൾക്കും, മനുഷ്യശക്തി കൂടുതൽ വേണ്ടി വന്നപ്പോൾ യുദ്ധത്തിൽ തടവിലാക്കിയവരെ വിനിയോഗിച്ചു. പക്ഷെ, അവർക്ക് തങ്ങളുടെ ഇടയിലുണ്ടായിരുന്ന അദ്ധ്വാനിക്കുന്ന വർഗ്ഗമായ ശൂദ്രർക്കു കൊടുത്തിരുന്ന വില പോലും കൊടുത്തില്ല, എന്നു തന്നെയല്ല, അവരെ കർക്കശമായി പണിയെടുപ്പിയ്ക്കുകയും നിരന്തരം പണിയിക്കുകയും , പേരിനുമാത്രം ആഹാരവും വിശ്രമവും കൊടുക്കുകയും ചെയ്തു. പേരിനു മാത്രമെന്നു പറഞ്ഞാൽ ജീവിച്ചിരിക്കാനുള്ളതുമാത്രം. മരിച്ചു പോയാൽ അയാളിൽ നിന്നും കിട്ടുന്ന അദ്ധ്വാനം നഷ്ടമാകുമല്ലോ ! ഈ കാലഘട്ടത്തിൽ മൃഗങ്ങളെക്കൂടി കൃഷികൾക്ക് ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. യുദ്ധത്തിൽ പിടിയ്ക്കപ്പെട്ടവൻ ഒരു തരം മൃഗത്തിന്റെ അവസ്ഥയിലായിരുന്നു; അടിമയായിരുന്നു.

സമ്പത്ത്, ജനവളർച്ച എന്നിവയോടൊത്ത് വേദങ്ങളും വളർന്നുകൊണ്ടിരുന്നു. വളരുക എന്നു പറഞ്ഞാൽ പുതിയ അറിവുകളും ധാരണകളും വേദസംഹിതകളിൽ ഉൾകൊള്ളിച്ചുകൊണ്ടിരുന്നു എന്നു പറയുന്നതിനേക്കാൾ യുക്തം ചമയ്ക്കപ്പെടുന്ന എല്ലാ കവിതകളും വേദത്തോട് ചേർത്തുകൊണ്ടിരുന്നു എന്നതാകും.

ആ വളർച്ച അഥർവ്വവേദം വരെയെത്തിയപ്പോൾ ദേവപ്രീതിയ്ക്കായി സോദ്ദേശത്തോടെ നടത്തിയിരുന്ന യാഗങ്ങളും , പൂജകളും, അർച്ചനകളും കുത്സിത മാർഗ്ഗങ്ങളെ വരിച്ച് അഭിചാരക്രിയകളും, മാരണക്രിയകളും, മൃഗവലികളും വരെ എത്തി.

ഇക്കാലമായപ്പോഴേയ്ക്കും വേദജ്ഞാനമെന്നത് മേലേത്തട്ടിലുള്ളവർക്കുമാത്രമായി സ്ഥിതീകരിച്ചു. യാഗങ്ങളും, പൂജകളും, ബ്രാഹ്മണനും; കർമ്മങ്ങളെയും യുദ്ധതന്ത്രങ്ങളെയും അധികരിക്കുന്നത് ക്ഷത്രിയനും; വിപണനകൃഷിയെ സംബന്ധിച്ചുള്ളത് വൈശ്യനും അറിഞ്ഞാൽ മതിയെന്നും, ശൂദ്രൻ ഇതൊന്നും അറിയേണ്ടതില്ലാത്ത അധമനാണെന്നും അതിനു കീഴിലുള്ള അടിമകൾ നിഷ്കരുണം വിലപേശി വില്ക്കാനും പണിയാനും മാത്രമുള്ള അടിമവർഗ്ഗങ്ങളെ സവർണ്ണരെന്നും അല്ലാത്തവരെ അവർണ്ണരെന്നും രേഖപ്പെടുത്തിത്തുടങ്ങി.

ഇത്രയും നിന്ദിതവും കുത്സിതവുമായിരുന്ന കാലഘട്ടത്തിലാണ് വിമത ചിന്താഗതികൾ ഉദയംകൊള്ളുന്നതും, വേദത്തിന്റെ അന്ത്യത്തിൽ ഉടലെടുത്തതെന്ന് അർത്ഥം വരുന്ന വേദാന്തമെന്ന ഉപനിഷത്തുക്കൾ ഉണ്ടായിട്ടുള്ളതും.

ഉപനിഷത്തുക്കൾ പലതും യഥാർത്ഥ സമത്വത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും സ്വരങ്ങളോടു കൂടിയതാണ്.

“ഈശാവാസ്യമിദം സർവ്വം ” - ഈശ്വരനാണ് ഈ കാണുന്നതിലെല്ലാമെന്നും മറ്റും വീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ, അതിന്റെ അർത്ഥങ്ങളെ സൂചിപ്പിക്കുന്ന രീതിയിൽ ജീവിത ചര്യകളെ തിരിച്ചു വിടുന്നതിനോ, അദ്ധ്വാനിക്കുന്നവനും പട്ടിണികിടക്കുന്നവനും അടിമയ്ക്കും വേണ്ട ആഹാരം കൊടുക്കുകയോ, മറ്റു ജീവിത സൗകര്യങ്ങൾ കൊടുക്കുകയോ അല്ല സവർണ്ണർ ചെയ്തത്. ആ തത്വങ്ങളെ തങ്ങളുടെ കുത്സിത ചിന്താപദ്ധതികളോട് കൂടി ഘടിപ്പിച്ച് സമൂഹത്തിൽ തെറ്റിദ്ധാരണ ജനിപ്പിക്കും വിധത്തിലുള്ള പുരാണങ്ങളും ഇതിഹാസങ്ങളും രചിച്ച് പ്രചരിപ്പിക്കുകയാണ് ചെയ്തത്. അന്ന് വാണിരുന്ന രാജാക്കന്മാരെ ഈശ്വരന്റെ അവതാരങ്ങളായിട്ടും ദേവതകളായിട്ടും ചിത്രീകരിച്ച്, അവരെ

എതിർക്കുന്ന ആദിവാസികളെ രാക്ഷസന്മാരാക്കുകയും ചെയ്ത് നാടാകെ ഭീതിയുടെ നിഴലിൽ തളച്ചിടാൻ ശ്രമിക്കുകയാണുണ്ടായത്.

നാം അറിയുന്ന പുരാണങ്ങളിലോ, ഇതിഹാസങ്ങളിലോ എന്തുകൊണ്ട് ഒരവർണ്ണന്റെയോ ഒരടിമയുടെയോ കഥ ഉൾകൊണ്ടില്ല; ഒരൊറ്റ ശുദ്രനോ, ആദിവാസിയ്ക്കോ, ഒരടിമയ്ക്കോ കവിത ചൊല്ലാൻ, കഥ പറയാൻ കഴിവില്ലാഞ്ഞിട്ടായിരുന്നെന്നു കരുതാമോ ? സത്യം അതായിരുന്നില്ല. അവരുടെ കഥകൾ, കവിതകൾ വേദനയുടെയും ബുദ്ധിമുട്ടുകളുടെയും, ദീനരോഗങ്ങളുടെയും ചിത്രീകരണങ്ങളായിരുന്നു. ആ നഗ്നമായ സത്യങ്ങളെ പുറത്ത് കാണിയ്ക്കാതെ നശിപ്പിക്കുകയോ, സ്വയം കൈക്കൊണ്ട് സവർണ്ണർ തങ്ങളുടേതാക്കി മാറ്റുകയോ ചെയ്തിരിക്കണം.

നാം പിന്നീട് എഴുതുകയും പറിയ്ക്കുകയും പഠിപ്പിയ്ക്കുകയും ചെയ്യുന്ന ചരിത്രങ്ങളിലോ, രാജാക്കന്മാരുടെ കൊള്ളയുടെയും, കൊള്ളിവയ്പിന്റെയും സ്ത്രീ അപഹാരത്തിന്റെയും കഥകൾ മാത്രമായി ചുരുങ്ങി.? അവർണ്ണരെക്കുറിച്ച് ഒരു വരിപോലും എഴുതാതിരുന്നു ? എല്ലാം മനപൂർവ്വം സവർണ്ണർക്കുവേണ്ടി, സവർണ്ണരെഴുതി എന്നു ധരിയ്ക്കാം !

**ജൈനമതം**

ജിനൻ സ്ഥാപിച്ച മതമാണ് ജൈനമതം. ജിനൻ എന്നു പറഞ്ഞാൽ ജയിച്ചവൻ. രാഗദോഷാദികളെ ജയിച്ചവനാണ് ജിനൻ. വർദ്ധമാനമഹാവീരനും വളരെ മുമ്പുതന്നെ ജൈനമതമുണ്ടായിരുന്നു. വർദ്ധമാനനെപ്പോലെയുള്ള തീർത്ഥങ്കരന്മാരും, പ്രചരണത്തിലും മറ്റും ശ്രേഷ്ടമായിത്തീർന്നത് വർദ്ധമാനന്റെ കാലത്താണ്.

ആര്യമതത്തിലെ അനാശാസ്യതകളെ, അന്ധതകളെ എതിർക്കുക എന്നതായിരുന്നു ജൈനരുടെ പ്രധാന പദ്ധതി. വേദങ്ങളെപ്പോലെ അവരും ഗ്രന്ഥങ്ങൾ നിർമ്മിച്ചു. അത് സാധാരണക്കാരുടെ ഭാഷയായിരുന്ന പാലിയിലായിരുന്നു. ഒരർത്ഥത്തിൽ അനാര്യരുടെ ഇടയിൽ ഉണ്ടായ മതമെന്നു വേണമെങ്കിൽ വിശേഷിപ്പിയ്ക്കാവുന്നതാണ്. ഓരോ ജീവിയ്ക്കും, ജീവനുണ്ടെന്നും, അതിന് വിലയുണ്ടെന്നും അവർ സിദ്ധാന്തിച്ചു. ആര്യന്മാരുടെ അടിസ്ഥാന ദർശനമായ ആദിയന്തങ്ങളില്ലാത്ത ഒരു ഈശ്വരനുണ്ടെന്ന് അവർ അംഗീകരിച്ചില്ല. ഈശ്വരനുണ്ടെന്ന പറഞ്ഞുകൊടുക്കുന്ന ബലികൾ തികച്ചും അസംബന്ധമാണെന്നവർ ശഠിച്ചു. ഹിംസ പാപമാണെന്നും, സത്യം പാലിയ്ക്കണമെങ്കിൽ ഭയക്രോധലോഭമോഹാദികളെ ജയിച്ചേ മതിയാകൂവെന്നും, നേരമ്പോക്കിനുപോലും കുത്തുവാക്ക് പറയരുതെന്നും, പരസ്വത്ത് അപഹരിക്കരുത്, പരന്റെ ജീവനെപ്പോലെ തന്നെ പരസ്വത്തും കാണണമെന്നും, സ്ത്രീ സംഗപരിത്യാഗമാണ് ബ്രഹ്മചര്യമെന്നും, സർവ്വസംഗപരിത്യാഗമാണ് മോക്ഷമെന്നും അവർ പഠിപ്പിച്ചു.

ബ്രാഹ്മണ പൗരോഹിത്യത്തെ അവർ ശക്തിയുക്തം എതിർത്തു. ദൈവത്തോട് അടുത്തുനില്ക്കുന്നവരെന്ന്, സാധാരണ ജനങ്ങളെ പറഞ്ഞു പറ്റിച്ച് ധനം കൈക്കലാക്കാനുള്ള അടവുകളെ ജനതയ്ക്കുമുന്നിൽ തുറന്നുകാണിച്ചു. ഈ പൗരോഹിത്യ വ്യവസ്ഥ തികച്ചും തട്ടിപ്പാണെന്നും, അനാര്യനോടും അധ:കൃതനോടും അടിമയോടും കാട്ടുന്ന ക്രൂരത സ്വാർത്ഥപരമാണെന്നും, ദൈവനിശ്ചയമാണെന്നും പറയുന്നത് കൊടുംപാതകമാണെന്നും അവർ ഉദ്ബോധിപ്പിച്ചു..

**ബുദ്ധമതം**

ലോക ചരിത്രത്തിലാദ്യമായിട്ടുണ്ടായ സ്നേഹ പ്രവാചകൻ ബുദ്ധനാണെന്നും പറയാം; സംഘടിയ്ക്കാൻ പ്രഖ്യാപിച്ചതും.

ഹിംസയും അടിമത്വവും ലോകത്തുള്ള ഏറ്റവും ക്രൂരമായ കൃത്യമാണെന്ന് അദ്ദേഹം പ്രചരിപ്പിച്ചു; എല്ലാവിധ ഹിംസകളും പാപമാണെന്നും. അദ്ദേഹം സംഘം ചേരാൻ ആഹ്വാനം ചെയ്ത് അധ:കൃതനോടും അടിമകളോടുമായിരുന്നു. എല്ലാ അവർണ്ണരെയും സ്ത്രീകളെയും സംഘത്തിൽ ചേർത്തു.

സംഘം ചേരലുതന്നെ സ്നേഹത്താലുണ്ടായതാണ്. സ്നേഹിക്കാൻ കഴിയില്ലെങ്കിൽ സംഘമായി കഴിയാനും സാധിയ്ക്കില്ല. ഉന്നതകുലജാതനും, രജപുത്രനുമായിരുന്ന അദ്ദേഹത്തിന്റെ ആഹ്വാനത്തിൽ രാജാക്കന്മാർ മുതൽ അടിമകൾ വരെ ഒരു കൂരയ്ക്കുള്ളിൽ കഴിയാനെത്തി.

യുദ്ധങ്ങൾ വഴി ജനലക്ഷങ്ങളെ കൊന്നൊടുക്കി, ധനം കൊള്ളയടിച്ച്, രാജ്യവിസ്തൃതിയും അടിമകളെയും അന്ത:പുരങ്ങളിൽ സ്ത്രീകളെയും വർദ്ധിപ്പിച്ചിരുന്ന ചക്രവർത്തിമാർ പോലും അദ്ദേഹത്തിന്റെ പ്രചാരകരായി വരികയും ചെയ്തു.

അഹിംസയും സർവ്വഭൂത മൈത്രിയും അദ്ദേഹം ജനിക്കുമ്പോഴേ നിലവിലുള്ള സിദ്ധാന്തമായിരുന്നു. അത് ഗൗതമരെന്ന ബുദ്ധഭിക്ഷുക്കൾ പരത്തിയിരുന്നതാണ്. എന്നാൽ ജാതി ധ്വംസനം അദ്ദേഹത്തിന്റെ പുതുമയാണ്. അദ്ദേഹം മുന്നിലെത്തിയ ശിഷ്യരോട് പറഞ്ഞു: നിങ്ങൾ സഞ്ചരിക്കുവിൻ, സകലവർഗ്ഗങ്ങളും സർവ്വ ജനതകളുമായി ഇടകലരുവിൻ, ബഹുജനഹിതത്തിന് ഈ സംഘം ചേരൽ, സഹകരണം ഉതകുമെന്ന്.

അദ്ദേഹം ഈശ്വരചിന്തയ്ക്ക് എതിരായിരുന്നു. ഈ പ്രകൃതിയിലുള്ളതെല്ലാം എല്ലാവർക്കും തുല്യമാണെന്നും, അങ്ങിനെ അല്ലെന്ന് പറയുന്നത് കപടമാണെന്നും പറഞ്ഞു. ഒരാൾ ഒരു ഗ്രന്ഥം ഉണ്ടാക്കിയിട്ട് അതാണ് നിയമം,

അനുഷ്ടാനം, ആചാരം, സത്യം എന്നു പറഞ്ഞാൽ വിശ്വസിയ്ക്കാതെ, കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ ഉത്ബോധിപ്പിച്ചു. അതാണ് 'ബൗദ്ധംഗമയ: '

**ജൈനബുദ്ധദർശനങ്ങളുടെ അധ:പതനം**

ജൈനമതവും ബുദ്ധമതവും ഏതാണ്ട് ഭാരത ഉപഭൂഖണ്ഡമാകെയും മറ്റ് രാഷ്ട്രങ്ങളിലേക്കും വ്യാപിച്ചിരുന്നു എന്നത് യാഥാർത്ഥ്യമാണ്. അവകളിൽ സവർണ്ണർ തുലോം കുറവായിരുന്നു. അദ്ധ്വാനികളായ ശൂദ്രരും അടിമകളും മറ്റ് അധ:കൃതജാതികളും ആയിരുന്നു ഭൂരിഭാഗവും. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ വീണ്ടും ബ്രാഹ്മണർ ശക്തരാകുകയും, അവർക്ക് കായിക ശക്തി നൽകിക്കൊണ്ടു ക്ഷത്രിയർ ഭരണാധികാരികളാകുകയും രാജ്യത്തിന്റെ ഉടമകളാകുകയും ചെയ്യുന്ന ചരിത്രമാണ് നമ്മൾ കാണുന്നത്. വർദ്ധമാനമഹാവീരനെയും ബുദ്ധനെയും ദൈവത്തിന്റെ അവതാരങ്ങളാക്കുകയും അവരുടെ ഗ്രന്ഥങ്ങളെ പാലിയിൽ നിന്നും സംസ്കൃതത്തിലാക്കുകയും അവരുടെ സിദ്ധാന്തങ്ങളെ ആര്യവൽക്കരിക്കയും സവർണ്ണർക്ക് ഗുണപ്രദമായ നിയമനിർമ്മാണങ്ങൾ നടത്തുകയും ചെയ്തു.

വീണ്ടും അനാര്യരും അവർണ്ണരും ശൂദ്രനും അടിമകളും പഴയ നിലയിലേക്ക് താഴുകയും ചെയ്തു. ഏതാണ്ട് ഈ കാലഘട്ടത്തിൽ ആയുധബലത്താലും സമ്പത്തിനാലും രാജാക്കന്മാർ കൂടുതൽ പ്രബലന്മാരായി ഭവിച്ചു. ഭരണത്തിന്റെ സൗകര്യത്തിനുവേണ്ടി നിയമങ്ങളുണ്ടാക്കി. നിയമങ്ങൾ സ്മൃതികളെന്ന പേരിലാണ് അറിയപ്പെടുന്നത്. മനുസ്മൃതി ഏറ്റവും ശ്രദ്ധിയ്ക്കപ്പെട്ടതും പല രാജ്യങ്ങളിലും സ്വീകരിയ്ക്കപ്പെട്ടതുമായിരുന്നു.

സ്മൃതികൾ ചാതുർ - വർണ്ണാടിസ്ഥാനപരമായി ജീവിയ്ക്കാനും, കർമ്മങ്ങൾ ചെയ്യനും വിമുഖത കാണിയ്ക്കുന്നവർക്കെതിരെ നടപ്പാക്കാനുള്ള ശിക്ഷാവിധികളായിരുന്നു. പ്രധാനമായ എല്ലാ ശിക്ഷാ നടപടികളും നടപ്പിലായിരുന്നത് ശൂദ്രരുടെയും താഴെക്കിടയിലുള്ള അദ്ധ്വാനിക്കുന്ന വിഭാഗക്കാരുടെയും നേർക്കായിരുന്നു.

അവർക്ക് അദ്ധ്വാനിക്കുക എന്ന ഒരൊറ്റ കർമ്മം മാത്രമേ ജീവിതത്തിലുണ്ടായിരുന്നുള്ളൂ. ജീവൻ നിലനിർത്താൻ വേണ്ടതുമാത്രം കിട്ടിയാലായി; അതും ദിവസത്തിൽ ഒരു നേരമെങ്കിലും അരവയർ നിറയാനുള്ളത് കിട്ടിയാൽ ഭാഗ്യമെന്നേ പറയേണ്ടൂ; കൂലിയായി ആഹാരവസ്തുക്കൾ കിട്ടാതെ വരികയോ പണിയില്ലാത്ത ദിവസങ്ങൾ ഉണ്ടാകുകയോ ചെയ്താൽ ഗ്രാമങ്ങളിൽ നിന്നും കാടുകളിലേറി, മൃഗങ്ങളേയും, പക്ഷികളെയും, കായ്കനികളും, പുഴയിൽ നിന്നും പിടിയ്ക്കുന്ന മത്സ്യങ്ങളെയും ആഹാരമാക്കുകയും ചെയതിരുന്നു. 'പെറുക്കി തിന്നു ജീവിക്കുന്നവരായിരുന്നുവെന്നു സാരം.'

വിന്ധ്യന് തെക്ക് കേരളദേശത്തെക്കാര്യം അതിനേക്കാൾ ദയനീയമായിരുന്നു, നാലു വർണ്ണങ്ങൾക്കുള്ളിലും, അതുകൂടാതെയുള്ള ജനവിഭാഗത്തിനിടയിലും ജാതികളും ഉപജാതികളും നിറഞ്ഞ്, തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമായിട്ട് 'ഭ്രാന്തമായ' അവസ്ഥയായിരുന്നു.

ഈ ആചാരങ്ങളെല്ലാം 'ദൈവ 'നിശ്ചയമായിരുന്നത്രെ; ഇതെല്ലാം വേദങ്ങളായിരുന്നത്രെ! അനാദിയും അനന്തവുമായിരുന്ന ജ്ഞാനങ്ങൾ !?

**വർത്തകസംഘങ്ങൾ**

ചരിത്രത്തിന്റെ എല്ലാ കാലത്തും ഇന്ത്യൻ ജനതയ്ക്ക് വിദേശ വർത്തക സംഘങ്ങളുമായിട്ട് വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു. അവർ, അറബികളും, പേർഷ്യക്കാരും, ഗ്രീക്കുകാരും ഉണ്ടായിരുന്നു. വലിയ സംഘമായി കപ്പലുകളിൽ ക്രയവിക്രയത്തിനുള്ള സാധനങ്ങളുമായി എത്തിയിരുന്നു. മാസങ്ങളോളം തീരങ്ങളിൽ പാർത്തുകൊണ്ടുവന്ന സാധനങ്ങൾ കൈമാറി മലഞ്ചരക്ക് വസ്തുക്കളായ കുരുമുളക്, ഏലം, സുഗന്ധദ്രവ്യങ്ങളെല്ലാമായി തിരികെപ്പോയിരുന്നു.

അവരുടെ വാസ സൗകര്യത്തിന് ഗേഹങ്ങളും സൗകര്യങ്ങളും താണ ജാതിയിലെ സ്ത്രീകളെയും നൽകിയിരുന്നു.

വർത്തകസംഘങ്ങളുമായുള്ള ഈ കീഴവഴക്കത്തിൽ നിന്നു തെളിയുന്നത്, അവരുടെ പല സംസ്ക്കാരങ്ങളും ഇവിടെ അവശേഷിച്ചിരുന്നിരിക്കണമെന്നാണ്.

വർത്തകരായിട്ടു തന്നെയാണ് യഹൂദരും ക്രൈസ്തവരും, മുഹമ്മദീയരും ഇവിടെ എത്തിയത്. യഹൂദർ കുറെ സ്ഥിരവാസികളായിട്ടുണ്ടെങ്കിലും , ജന്മദേശത്തുനിന്നും തുരത്തപ്പെട്ടതിന്റെയും ലോകത്തുതന്നെ പലതുരുത്തുകളിൽ ഒറ്റപ്പെടുകയും, തങ്ങളുടെ ശ്രേഷ്ടതകൾ മറ്റുള്ളവർ അംഗീകരിക്കുന്നില്ല എന്ന ദു:ഖവുംകൂടിയായപ്പോൾ ഇന്ത്യൻ സംസ്ക്കാരത്തിന് അവരുടെ സംഭാവനകൾ വിലയിരുത്തൽ ഉണ്ടെന്ന് തോന്നുന്നില്ല. പക്ഷെ, ക്രൈസ്തവരുടേയും , മുഹമ്മദീയരുടെയും സ്ഥിതി അങ്ങലെ അവസാനിക്കുന്നില്ല.

**ക്രൈസ്തവർ**

ക്രൈസ്തവസമൂഹം ഉടലെടുത്ത ആദ്യനൂറ്റാണ്ടിൽ തന്നെ പാതിരിമാർ ഇന്ത്യയിൽ എത്തിയതായിട്ട് രേഖകൾ പറയുന്നു.; വർത്തകസംഘങ്ങൽ വഴി അല്ലാതെയും.

ഏക ദൈവ വിശ്വാസത്തിൽ അധിഷ്ട്തമായി രൂപികരിക്കപ്പെട്ടു എന്നതിനേക്കാൾ, ഭാരതീയസാഹചര്യത്തിൽ വേരുറയ്ക്കാൻ കൂടുതൽ സാദ്ധ്യത കാണുന്നത്, അത് അദ്ധ്വാനിക്കുന്നവന്റേയും ഭാരം ചുമക്കുന്നവന്റെയും അത്താണിയായി ഭവിക്കുമെന്നുണ്ടായ ധാരണയിലാണ്. ക്രിസ്തുവിന്റെ ആഹ്വാനം തന്നെ 'അദ്ധ്വാനിക്കുന്നവരെ, ഭാരം ചുമക്കുന്നവരെ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ ഞാൻ സ്വർഗ്ഗരാജ്യമൊരുക്കിയിരിക്കുന്നു ' എന്നാണ്.

വിദേശത്തുനിന്നെത്തിയ പാതിരിമാർ ഇവിടത്തെ അദ്ധ്വാനിക്കുന്ന ജനതയിലേക്കിറങ്ങിയത് സവർണ്ണ മേധാവിത്വത്തിന് രസിച്ചതുകൊണ്ടല്ല തടയപ്പെടാതിരുന്നത്. വർത്തകസംഘങ്ങളിൽ നിന്നും കിട്ടിയിരുന്ന ധനം, രമ്യതയിൽ വർത്തിക്കാൻ പ്രേരിപ്പിച്ചിരുന്നതിനാലാണ്.

വെളുത്തു സുന്ദരന്മാരായിരുന്ന പാതിരിമാർ കറുത്ത്, പട്ടിണികിടന്ന് ചടച്ച വികൃതരൂപങ്ങളുടെ തോളത്ത് കൈയ്യിട്ട്, അല്പ സ്വല്പം ധനവും വൈദ്യവും അക്ഷരവിദ്യയും നൽകിയപ്പോൾ കുറെയേറെപ്പേർ പരിവർത്തനത്തിനും തയ്യാറായി. എങ്കിലും അത്ര വലിയ പരിവർത്തനമൊന്നും ഉണ്ടാവുകയും ചെയ്തില്ല. കാരണം, തലമുറകളോളം, ജീവിതത്തോടൊപ്പം കൊണ്ടു നടന്ന ആചാരങ്ങളിലും അനുഷ്ടാനങ്ങളിലും ഉണ്ടായ അന്ധമായ വിശ്വാസം തന്നെ 'ദൈവ ' സൃഷ്ടമായ ആചാരങ്ങളെ പൊട്ടിച്ചെറിഞ്ഞാൽ എല്ലാം തകർത്ത് പോകുമെന്ന് കരുതിയിരുന്നവർ ആണ് ഭൂരിപക്ഷവും.

ഇപ്രകാരമുള്ള സാന്ത്വനങ്ങളും പരിവർത്തനങ്ങളും നടക്കുമ്പോൾ മറ്റൊരു ഭാഗത്ത് വർത്തക സംഘങ്ങൾ ഇവിടെത്തെ അടിമകളെ മൃഗങ്ങളുടെ വിലയ്ക്ക് വിദേശത്തേയ്ക്കു കൊണ്ടുപോയി വില്പന നടത്തി ലാഭമുണ്ടാക്കിയിരുന്നു. ഇവിടെ അതിന്റെ പ്രതിഫലം പറ്റിയിരുന്നത് രാജാക്കന്മാരും, സാമന്തന്മാരും ബ്രാഹ്മണരുമായിരുന്നു.

ഡച്ചുകാരേയും പോർത്തുഗ്രീസുകാരെയും ആയുധശക്തിയാൽ തുരത്തികൊണ്ട്, നാട്ടുരാജാക്കന്മാരെയും സാമന്തന്മാരെയും വരുതിക്ക് നിർത്തികൊണ്ട് ഇംഗ്ലീഷുകാരുടെ ഈസ്റ്റ് ഇന്ത്യൻ കമ്പനി ഭാരത ഉപഭൂഖണ്ഡമാകെ കാൽക്കീഴിലാക്കിയപ്പോൾ നമ്മളിലേക്ക് ഒഴുകിയെത്തി സങ്കലിച്ച സംസ്ക്കാരത്തെ സങ്കല്പിക്കാനൊക്കാത്തതായി.

പാർപ്പിടം, വസ്ത്രം, ആഹാരം, വിദ്യാഭ്യാസം, സഞ്ചാരം, ശാസ്ത്രം എല്ലാം എത്രമാത്രം വ്യതിയാനങ്ങൾക്ക് വിധേയമായി. ആ പരിവർത്തനങ്ങൾ ശരിയ്ക്കും തായ്‌വേരുകൾ വരെ ഉറപ്പിയ്ക്കത്തക്ക രീതിയിലാണെന്ന് നമുക്ക് ചിന്തനീയം തന്നെയാണ്. സ്വാതന്ത്ര്യം കിട്ടി അമ്പതുവർഷം കഴിഞ്ഞിട്ടുള്ള സ്ഥിതി എവിടെ നില്ക്കുന്നു ?.

**മുഹമ്മദീയർ**

പടിഞ്ഞാറൻ കടലോരങ്ങളിൽ അവർ വർത്തകരായിട്ടാണെത്തിയതെങ്കിലും ഉത്തരഭാരതത്തിൽ, ഭരണത്തിലിരുന്ന രജപുത്രന്മാരെ പരാജ.പ്പെടുത്തി അധികാരത്തിലെത്തുകയാണുണ്ടായത്. മുഗളരുടെ ഭരണകാലം സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റേതുമായിരുന്നെന്ന് ചരിത്രം. പക്ഷെ, അക്കാലത്തുള്ള അദ്ധ്വാനിക്കുന്നവന്റെ ചരിത്രങ്ങൾ രേഖയിലില്ല.; അധ:കൃതവർഗ്ഗം മുഗളന്മാരുടെകാലത്തും അടിമകളായിരുന്നെന്ന് വ്യക്തം.

മലയാളനാട്ടിൽ വർത്തകസംഘങ്ങളുടെ താത്പര്യാർത്ഥം നിലവിലിരുന്ന ഭരണാധികാരികളുടെ ഒത്താശയോടുകൂടിത്തന്നെ മതപരിവർത്തനം നടത്തപ്പെട്ടിട്ടുണ്ട്. അതിനുള്ള പ്രതിഫലമായിട്ട് ഭരണാധികാരികളുടെ ശത്രുക്കളോട് വർത്തകസംഘം യുദ്ധങ്ങൾ നടത്തുകയും ഭരണവർഗ്ഗത്തിന് സുഖസൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുകയും ചെയ്തിട്ടുണ്ട്. പരിനർത്തനം ചെയ്യപ്പെട്ടവർ കൂടുതലും പടയാളികളും, വർത്തകസംഘങ്ങളുടെ സഹായവർത്തികളുമായിരുന്നു.

ഉത്തരഭാരതത്തിൽ നാം കാണുന്ന പല നഗരങ്ങളും, കൊട്ടാരങ്ങളും ലേകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹലും മറ്റ് രാജകീയ മന്ദിരങ്ങളും അവരുടെ സംഭാവനകളായിരുന്നില്ലെ?

പരമപ്രധാനമായിരുന്ന ഒരു കാര്യം; ക്രൈസ്തവ, മുഹമ്മദീയ പരിവർത്തനങ്ങൾ വഴി അവരുടെ മതത്തിലേക്ക് വന്ന താഴ്ന്ന ജാതിക്കാരനെ, അവർ, ഇവിടുത്തെ സവർണ്ണർ എങ്ങനെ വീക്ഷിച്ചിരുന്നുവോ അതിൽ ഒട്ടും വ്യത്യാസമില്ലാത്ത നിലയിൽ തന്നെയാണ് കണ്ടിരുന്നത്.

**സോഷ്യലിസം**

സംഗച്ഛ ധ്വം - സംവദധ്വം

സംവോ മനാം സി - ജാനതാം

ദേവ, ഭാഗം യഥാ പൂർവ്വേ

സംജാനാനോ ഉപാസതേ!

ഇത് ഋഗ്വേദത്തിലെ മന്ത്രമാണ്. പ്രാചീനഭാരതത്തിന്റെ സാമൂഹ്യ ദാർശനീകവും പ്രയോഗികവുമായ ജീവിത വ്യവസ്ഥയെ സൂചിപ്പിക്കുന്നു. ഈ മന്ത്രത്തിന്റെ അർത്ഥം ഇതാണ്. - ഒന്നിച്ചു സഞ്ചരിക്കുക, ഒന്നിച്ചിരിക്കുക, നിങ്ങളുടെ മനസ്സുകളെല്ലാം ഒന്നായിരിക്കട്ടെ, ഗ്രാമത്തിന്റെ ഐക്യം പരിഗണിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടായ സ്വത്തുക്കൾ പണ്ടു ദൈവങ്ങൾ ചെയ്തതുപോലെ പങ്കിട്ടെടുത്തനുഭവിക്കുക.

"ലോകോ സമസ്തോ സുഖിനോ ഭവന്തു." എന്നാശിച്ചവരും "വസുധൈവകുടുംബം " എന്നു സ്വപ്നം കണ്ടവരും ഇവിടെ ജീവിച്ചിരുന്നു.അത് വേദങ്ങളിലും ഉപനിഷത്തുക്കളിലും എഴുതി വയ്ക്കുകയും ചെയ്തിരുന്നു. യഥാർത്ഥ ജീവിതവും സമൂഹവും അതിനെല്ലാം ഘടകവിരുദ്ധമായിരുന്നുവെന്ന ധരിക്കേണ്ടിയിരിക്കുന്നു. പ്രാകൃത കമ്മ്യൂണിസത്തിന്റെ കാലഘട്ടത്തിലല്ലാതെ ഒരു കാലയളവിലും സോഷ്യലിസ്റ്റു ചിന്താഗതി ഇവിടെ നിലവിൽ നിന്നിരുന്നില്ലെന്നു കാണാം.

**കമ്മ്യൂണിസം**

ചൂഷകരും ചൂഷിതരുമില്ലാത്ത അദ്ധ്വാനിക്കുന്നവന്റെ ലോകം; അദ്ധ്വാനിക്കുന്നവനും അടിമയും കൂടി കെട്ടിപ്പടുക്കുന്ന ഭരണകൂടം. പിന്നെ അടിമത്വമെന്നൊരു അവസ്ഥയേ ഇല്ലാതാകും.

അതിർവരമ്പുകളില്ലാതാകും, ലോകം ഒരു കുടുംബമാകും; സമചിന്തിതമായ ഒരന്തരീക്ഷം ഉണ്ടാകും; അവിടെ സത്യം, സമത്വം, സാഹോദര്യം പടർന്നു പന്തലിച്ച്, പുത്തുവിളഞ്ഞ്, ഭരണകർത്താക്കളെ വേണ്ടാതാകും; നീതി നിയമങ്ങൾ അന്വർത്ഥങ്ങളാകും.

ലോകം വീക്ഷിച്ച ഏറ്റവും മഹത്തായ ചിന്താ പദ്ധതി; തത്വസംഹിത പക്ഷെ, ഭാരതത്തിന്റെ എൺപതു ശതമാനവും അദ്ധ്വാനിക്കുന്നവരും അടിച്ചമർത്തപ്പെട്ടവരും അടങ്ങിയ സമൂഹമായിരുന്നിട്ടും എന്തു കൊണ്ട് രണ്ടോ മൂന്നോ പ്രവിശ്യകളിൽ മാത്രം വേരുപിടിച്ച് നിൽക്കുന്നു? ഉത്തരം വളരെ വ്യക്തമാണ്. അദ്ധ്വാനിക്കുന്ന അടിമകളായ വർഗ്ഗത്തിന്റെ മനസ്സിന്റെ അടിത്തട്ടിലേയ്ക്കെത്തിച്ചേരാൻ പ്രസ്തുത ആശയങ്ങൾക്ക് കഴിഞ്ഞില്ല. കാരണം, ആ വർഗ്ഗത്തിന്റെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജാതി തിരിവ്, ജോലി എല്ലാം ദൈവനിശ്ചയമാണ് എന്ന് വിശ്വസിക്കുന്നു. അതിനെ പുറംതള്ളിയാൽ ദൈവങ്ങൾ കോപിക്കുമെന്നും, കിട്ടുന്ന അന്നം കൂടി നഷ്ടമാവുമെന്നും കരുതുന്നു; മേലാളർ മന്ത്രവാദങ്ങളും ആയുധങ്ങളും, പ്രസ്തുത അവസ്ഥ നിലനിർത്താനായിട്ട് ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു; അവർക്ക് വിദ്യ കിട്ടാനോ അറിവ് കിട്ടാനോ ഉള്ള എല്ലാ മാർഗ്ഗങ്ങളും അടച്ച് കളഞ്ഞിരുന്നു.

എന്നിട്ടും മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായ പ്രവശ്യകളിലെ ജനതയുടെ ജീവിത ചുറ്റുപാടുകളും, നിലവാരവും, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അറിവുകളും മറ്റു പ്രവിശ്യകളിലെ അധ:കൃതരിൽ നിന്നും എത്ര മാത്രം വ്യത്യസ്ഥമാണെന്ന് വ്യക്തം.അതാണ് കമ്മ്യൂണിസത്തിന്റെ പ്രസക്തിയും

**സ്ത്രീ**

പ്രാകൃത കമ്മ്യൂണിസത്തിന്റെ കാലത്തിനു ശേഷം ഏതെങ്കിലും കാലഘട്ടത്തിൽ സ്ത്രീ സ്വതന്ത്രയും അംഗീകാരമുള്ളവളും, വിലയുള്ളവളും ആയിരുന്നോ ?

ആയിരുന്നു; അദ്ധ്വാനിക്കുന്നവന്റെ, അടിമയുടെ ഇടയിൽ. അവളും പുരുഷനെപ്പോലെ പണിയെടുക്കുന്നവളും, കുടുബം നിലനിർത്താൻ ശ്രമിക്കുന്നവളും, ഭർത്താവിന്റെ, മക്കളുടെ സ്നേഹവും ബഹുമാനവും കൈപ്പറ്റുന്നവളുമായിരുന്നു; മേലാളരുടെ ശാരീരിക പീഢനങ്ങൾ ഒഴിച്ചാൽ.

എന്നാൽ മേലാളർ എന്ന സവർണ്ണ വർഗ്ഗത്തിന്റെ ഇടയിൽ സ്ത്രീ വെറുമൊരു ഭോഗവസ്തുമാത്രമായിരുന്നു. 'മനുസ്മൃതി ' തുടങ്ങിയ നിയമപുസ്തകങ്ങളൊക്കെ അവളെ സ്വതന്ത്രയല്ലെന്നാണ് ഘോഷിച്ചത്. ഇതിഹാസങ്ങളിൽ, പുരാണങ്ങളിൽ എല്ലാം നാം അവളെ കാണുന്നത്; ആക്ഷേപിക്കപ്പെടുന്നവളായി, പരീക്ഷണങ്ങൾക്ക് വിധേയയാക്കേണ്ടവളായി, ബലഹീനയായി, ചപലയായി, അബലയായി,, യുദ്ധങ്ങൾക്കും പ്രതികാരങ്ങൾക്കും ഹേതുവായി ഉപയോഗിക്കുന്നവളായിട്ടൊക്കെയാണ്. കൂടാതെ 'പാതിവ്രത്യം' എന്ന പാശത്താൽ കുരുക്കുകയും ചെയ്തിരുന്നു.

കേരളസ്ത്രീകളിൽ; നമ്പൂതിരിമാരുടെ ഇല്ലങ്ങളിലെയും, നായർ തറവാടുകളിലെ നാലുകെട്ടുകളിലെയും കഥകൾ പറയുന്നതെന്താണ് ?

ഇന്നത്തെ സ്ഥിതിയോ പഴയ കഥകളും ചരിത്രങ്ങളും പഠിച്ച് എല്ലാവരും സ്ത്രീകളെ പീഢിപ്പിക്കുന്നവരായി പരിണമിച്ചിരിക്കുന്നു. നമ്മുടെ എല്ലാവിധ മാധ്യമങ്ങളും അക്കാര്യത്തിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നു.

**സ്വാതന്ത്ര്യം കിട്ടിയ ശേഷം**

സ്വാതന്ത്ര്യം കിട്ടിയപ്പോൾ സോഷ്യലിസ്റ്റു നയത്തോടുകൂടിയാണ് തെരെഞ്ഞെടുത്ത ജനപ്രതിനിധികൾ അധികാരമേറ്റത്. ഇപ്പോൾ അൻപതുവർഷങ്ങൾ പിന്നിട്ടിരിക്കുന്നു. സോഷ്യലിസ്റ്റുകൾ തന്നെ ലേബലുകളും ബാനറുകളും മാറി ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായ ധാരണകളോടെയും ധാരണപ്പിശകോടെയും ഭരണം നടത്തി അധ:കൃതന് ഭരണ സംവിധാനത്തിൽ കാര്യമായ പ്രാധിനിത്യം കിട്ടുന്നതിനായിട്ട് 'സംവരണവും ' ഏർപ്പെടുത്തിയിരുന്നു. എന്നിട്ടോ?

ഭരണം സവർണ്ണരുടെ കൈവശം തന്നെയായിരുന്നു. കാരണം സമ്പത്തും അവരോടൊത്ത് നിൽക്കുന്ന എന്നതുതന്നെ.

ഇന്നും അദ്ധ്വാനിക്കുന്നതിൽ ബഹുഭൂരിപക്ഷവും അധ:കൃതരെന്ന അവർണ്ണവർഗ്ഗം തന്നെയായിട്ട് തുടരുന്നു, സാമ്പത്തിക ഉന്നതി കാര്യമായ വർദ്ധനവില്ലാതെതന്നെ. ജീവിതനിലവാരം ഉയർന്നില്ലേ എന്ന ചോദ്യത്തിന് ഉയർന്നു എന്നേ മറുപടി പറയാനാവൂ. പക്ഷേ, സോഷ്യലിസ്റ്റ് സമത്വ ചിന്താഗതി, പ്രകൃതിയിലുള്ളതെല്ലാം പങ്കുവച്ചെടുക്കുക എന്ന ന്യായം എവിടെ വരെയെത്തി ?

എത്തിയില്ല, എങ്ങും; കൂലിവർദ്ധനവോ മറ്റാനുകൂല്യങ്ങളോ തൊഴിലാളിക്ക് കിട്ടുമെന്ന സാഹചര്യം കണ്ടാൽ നിത്യ ഉപയോഗവസ്തുക്കൾക്ക് വില അധികരിക്കുന്നു. ഫലം തൊഴിലാളികളുടെ കീശ വീണ്ടും കാലിയാകുന്നു. പക്ഷേ, വർഷാവസാനത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സമ്പന്നൻ എന്നും ലാഭത്തിൽ, ആസ്തി ദിനംപ്രതി വർദ്ധിക്കുന്നു. അതിന്റെ അർത്ഥം സമ്പത്തിന്റെ ഒഴുക്ക് സമ്പന്നന്റെ കീശയിലാണ് അവസാനിക്കുന്നതെന്നുതന്നെ.

ഈ സമ്പന്ന വർഗ്ഗം കീശ വീർപ്പിക്കുമ്പോഴും നിയമപരമായി സർക്കാരിൽ അടയ്ക്കേണ്ടുന്ന നികുതിയിനങ്ങൾ കുടിശിഖവരുത്തുന്നത് കോടികളാണ്. റവന്യൂ വരവില്ലാതെ കാര്യനിർവ്വഹണത്തിനായി സർക്കാർ ലോകബാങ്കിൽ നിന്നും കടങ്ങളെടുക്കുന്നു. പ്രസ്തുത തുകകൾ കോൺട്രാക്റ്റുകളായി വന്നു വീഴുന്നത് സമ്പന്നന്റെ മടിശീലയിൽ തന്നെ. ഇപ്പോൾ ലോകബാങ്കിൽ അടച്ചുതീർക്കേണ്ടുന്നതുകയുടെ പതിന്മടങ്ങ് നികുതികളായി പിരിഞ്ഞു കിട്ടാനുണ്ടെന്നുള്ളത് വിരോധാഭാസം.

ഭരണഘടനയിലെ മതേതരത്വമാണ് നമുക്കു കിട്ടിയ ഏറ്റവും ശ്രേഷ്ടമായ അവകാശം. ആ മൗലീകാവകാശത്തിന്റെ തായ് വേരിലാണ് മതമൗലീകവാദവും, വർഗ്ഗീയവാദവും തീവ്രവാദത്തിന്റെ കോടാലി ആഴ്ത്തിക്കൊണ്ടിരിക്കയാണ്. ഈ മതമൗലീകവാദികളും വർഗ്ഗീയവാദികളും -ഹിന്ദു,ക്രൈസ്തവ, മുസ്ലീം അല്ലെങ്കിൽ മറ്റേതു വിഭാഗമായാലും - അതത് വിശ്വാസത്തിലെ വിരലിലെണ്ണാവുന്നവർ മാത്രമാണെങ്കിലും തീവ്രവാദികളായിത്തീരുമ്പോൾ പല ശക്തികളും സഹായത്തിനെത്തുന്നു; രാജ്യത്തിന് ഉള്ളിലുള്ളവരും, പുറത്തുള്ളവരും. ഈ സഹായം നൽകുക വഴി അവർ നേടുന്ന ലാഭങ്ങൾ പല വിധേനയായിരിക്കുമെന്നുമാത്രം. വ്യാപാരപരമായും വ്യവസായികപരമായും; ബിസിനസ്സ് ശൃംഖലകൾ പിടിച്ചടക്കാനും, വ്യാപാരകേന്ദ്രങ്ങൾ കൈയ്യടക്കാനും മറ്റുമായിട്ട്; നഷ്ടപ്പെടുന്നത് നിരപരാധികളുടെ ജീവനുകളും.

ഇതിനെല്ലാം വ്യക്തമായ തെളിവുകൾ ശേഖരിയ്ക്കനോ, മാതൃകാപരമായി ശിക്ഷാവിധി നടപ്പാക്കാനോ, ഇതിനെയെല്ലാം നിയന്ത്രണവിധേയമാക്കാനോ ഇതേവരെയുണ്ടായ ഏതെങ്കിലും സർക്കാരുകൾക്ക് കഴിഞ്ഞോ?

ഇല്ല, കാരണങ്ങൾ തിരയുമ്പോൾ നമുക്ക് കിട്ടുന്ന മറുപടി, ഭരണതലത്തിൽ തന്നെയുള്ളവർക്കും അതുമായിട്ട് ബന്ധമുണ്ടെന്നതാണ്.

ഇതുകളും നമ്മുടെ സംസ്ക്കാരമല്ലേ? ആദിസംസ്ക്കാരത്തിന്റെ പിന്തുടർച്ച ?

**ഏതാണ് ഹിന്ദു മതസംസ്ക്കാരം ? ആരാണ് ഹിന്ദു?**

ഇനിയും ചോദിക്കട്ടെ, ഏതെല്ലാമാണ് ഹിന്ദുമതത്തിന്റെ സംസ്ക്കാരം? ഓരോ ഹിന്ദുവും അനുഷ്ഠടിക്കേണ്ട ആചാരങ്ങൾ?

ആദിയിൽ നിലനിന്നിരുന്ന പ്രാകൃത കമ്മ്യൂണിസത്തിന്റേതോ; വേദകാലത്തെ അലഞ്ഞു തിരിഞ്ഞിരുന്നവരുടേതോ; ദ്രാവിഡഗോത്രങ്ങളുടെ കല്ലിനെയും മരത്തേയും, പാമ്പിനേയുംപഴുതാരയേയും ആരാധിച്ചിരുന്നതിന്റേതോ; ജൈനരരുടെ ഭൗതീകപരമായ വിശ്വാസത്തിന്റേതോ; ബൗദ്ധരുടെ സംഘം ചേരേണമെന്ന സ്നേഹപ്രകടനത്തിന്റേതോ; ജൈന്യബൗദ്ധവിശ്വാസങ്ങളെ തങ്ങളുടേതാക്കി മാറ്റി പുന:സൃഷ്ടിച്ച, ആര്യ സാഹിത്യത്തിലേതോ; വേദാന്തമെന്ന ഉപനിഷത്തുക്കളുടേതോ; സ്മൃതികളിലും അർത്ഥശാസ്ത്രങ്ങളിലും പ്രതിപാദിച്ചതോ; വർത്തക - സംഘങ്ങൾ വഴി പകർന്നു കിട്ടിയതോ, മുഗളരുടേതോ; ഈസ്റ്റ് ഇന്ത്യൻ കമ്പനിക്കാരുടേതോ; അതോ സ്വാതന്ത്ര്യം കിട്ടിയ ശേഷം നാം അനുഭവിച്ചറിഞ്ഞതിന്റെ എല്ലാമോ ?

ഇതിലേതെങ്കിലും ഒഴിച്ചുനിർത്താനാകുമോ; എല്ലാം നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള, ഭൂതത്തെ നിലനിർത്താൻ വേണ്ടതുമാണ്? എങ്കിൽ ഇതിന്റയെല്ലാം സത്ത എടുക്കാൻ കഴിയുമോ?

ഇല്ല, ഒരിക്കലും കഴിയുകയില്ല. ആ ശ്രമം ഭാരതത്തെ ഇല്ലാതാക്കലാകുന്നതാണ്. ഈ പ്രതിസന്ധിയിൽ നമുക്ക് എത്താൻ കഴിയുന്ന ഒരേയൊരു വിധി നാം അറിയുന്ന എല്ലാ സംസ്ക്കാരങ്ങളേയും അതതിന്റെ തനിമയോടുകൂടി നിലനിർത്തുകയും, അതതിന്റെ സത്തകളെ അംഗീകരിക്കുകയും ചെയ്യുക എന്നതുമാത്രമാണ്. എന്നുപറഞ്ഞാൽ ഹിന്ദുമതം എന്നത്ഒരു സമൂഹമാണ്. ആ സമൂഹത്തിൽ ജനകോടികൾ അധിവസിക്കുന്നു. ആ ജനകോടികളിൽ ഓരോരുത്തർക്കും ഏതു വിശ്വാസത്തെ പുലർത്താനും, ആരാധിക്കാനും അവകാശമുണ്ട്. അതിന് വിഘാതമാകാൻ ഒരാൾക്കും അധികാരമില്ല, അവകാശമില്ല. അതു പരിപാലിയ്ക്കേണ്ടത് ഓരോ വ്യക്തിയുടെയും ധർമ്മമാണ്. ആ ധർമ്മത്തിൽ അധിഷ്ടിതമായി ജീവിക്കുന്നവൻ ഹിന്ദുവാണ്.

പക്ഷെ, ഹിന്ദുമതമൗലീകവാദികളും, വർഗ്ഗീയവാദികളും ഉദ്ബോധിപ്പിയ്ക്കുന്നത് അതല്ല. അവർ അനുശാസിക്കുന്നവിധത്തിൽ വിശ്വസിയ്ക്കാനും,ആരാധിയ്ക്കാനുമാണ്; അത് തികച്ചും സ്വാർത്ഥമാണ്; അതുശരിയ്ക്കാൻ അവർക്ക് അവകാശമോ, അധികാരമോ ഇല്ലാത്തതാണ്, എന്നിട്ടും അവർ ഉത്ബോധിപ്പിക്കുന്നതിന്റെ സാരം കണ്ടെത്തേണ്ടിവരുന്നു.

ഒന്നാമത് അവർ ആരെന്ന് നാമറിയുക, രണ്ടാമത് അവർ പറയുന്നതെന്തെന്നറിയുക.

അവർ ആരെന്ന് നമുക്കറിയാം; ഇന്ത്യയിലെ സവർണ്ണരെന്നറിയപ്പെടുന്ന മേൽജാതിക്കാരും, ഇന്ത്യയുടെ സമ്പത്ത് ആകെ അടക്കിവച്ചിരിക്കുന്ന ഫാസിസ്റ്റുഗ്രൂപ്പുകളും. അവർ പറയുന്നത് മുഹമ്മദീയരും, ക്രിസ്ത്യാനികളും സംഘടിച്ച്

ശക്തരായി ഹിന്ദുക്കളെ അപ്പാടെ വിഴുങ്ങി കളയുമെന്നാണ്. ഇതിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ട് ? സ്വാതന്ത്യം കിട്ടുമ്പോൾ ഇന്ത്യയിലുണ്ടായിരുന്ന മുഹമ്മദീയർ 13 ശതമാനവും ക്രൈസ്തവർ 2 ശതമാനവും ആയിരുന്നു, ഇന്നും ആ കണക്കിന് വലിയ വ്യത്യാസമില്ല. ഈ 15 ശതമാനം വരുന്ന ഒരു സമൂഹത്തെ ഭയന്നാണ് സംഘടിയ്ക്കണമെന്ന് ആവശ്യപ്പെടുന്നതെങ്കിൽ അത് സത്യമാകാൻ സാദ്ധ്യതയില്ല, സാദ്ധ്യത മറ്റൊന്നാണ്.

സവർണ്ണർ നൂറ്റാണ്ടുകളോളം അനുഭവിച്ചുവന്നിരുന്ന സുഖസൗകര്യങ്ങൾ വീണ്ടെടുക്കുക എന്നതാണ്. മനുഷ്യനെ വിശ്വാസത്തിന്റെ പേരിൽ തളച്ചിടാനും ആചാരവും അനുഷ്ടാനവുമെന്ന പേരിൽ പണികൾ ചെയ്യിക്കാനും കഴിയും. അങ്ങിനെയായാൽ തൊഴിലാളിക്ക് പണിയെപ്പറ്റി മുറുമുറുപ്പുഉണ്ടാകില്ല. കൂലിയെപ്പറ്റി കണക്കുപറയില്ല-എല്ലാം ദൈവനിശ്ചയമാണല്ലോ.ശ്ചയമാ

ചുരുക്കത്തിൽ സവർണ്ണന് ഇവിടെ പൂർണ്ണമായും അധികാരത്തിലെത്തണം. പുരാണങ്ങളും സ്മൃതികളും ഇതിഹാസങ്ങളും രാഷ്ട്രത്തിന്റെ ഭരണനിയമങ്ങളാക്കണം. അവർണ്ണനെയും സ്ത്രീകളെയും വിദ്യാഭ്യാസമില്ലാത്തവരാക്കി അടിമകളാക്കി മാറ്റണം.

ഇതിനെതിരെയാണ് അദ്ധ്വാനിയ്ക്കുന്നവർ, സ്ത്രീകൾ സംഘടിയ്ക്കേണ്ടിയിരുന്നത്, അധ:കൃതനും തൊട്ടുകൂടാത്തവനും, തീണ്ടിക്കൂടാത്തവനും അടിമയുമാകാതിരിക്കാൻ, അവനവന്റെ വിശ്വാസങ്ങളെ മോഹങ്ങളെ കടിഞ്ഞാണിടുന്ന മൗലീകാവാദികളെയും വർഗ്ഗീയവാദികളെയും (ഹിന്ദുവായാലും, മുഹമ്മദീയനായാലും ക്രിസ്ത്യാനിയായാലും) തടഞ്ഞുനിർത്താൻ - എല്ലാ വിശ്വാസങ്ങളോടെയും, ബലഹീനതകളോടെയും.

ഇവിടെ വീണ്ടും കമ്മ്യൂണിസം പ്രസക്തമാകുന്നു. വീക്ഷണങ്ങളും വീഥികളും പുനർചിന്തയ്ക്ക് വിധേയമാക്കണമെന്നുമാത്രം.

*@@@@@@@@@@@@@@@@@@@@*